I/85945/2023

## തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്

## ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് -ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കൊല്ലം- വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ വെട്ടിക്കവല വില്ലേജിൽ 168/4-4, 168/4-3-3, 168/4-3-5, 168/4-5, 168/4, 168/4-3-4, 168/4-3-2 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 14.97 ആർ സ്ഥലത്തിൽ ഉൾപ്പെടുന്ന 8.09 ആർ സ്ഥലത്ത് കാനോപ്പി, ഓഫീസ്, ശുചിമുറി ഉൾപ്പെടെ 222.80 ച മീ വിസ്തൃതിയിൽ ഫ്യൂവൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ലേയൗട്ട്/ യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 30/01/2023 ൽ ശ്രീ. സന്തോഷ്കുമാർ, തിരുവാതിര, വെങ്ങാനൂർ, തിരുവന്തപുരം സമർപ്പിച്ച അപേക്ഷ.

### ഉത്തരവ് നമ്പർ TCPKLM/55/2023/C തീയതി 13-02-2023

വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ വെട്ടിക്കവല വില്ലേജിൽ 168/4-4, 168/4-3-3, 168/4-3-5, 168/4-5, 168/4, 168/4-3-4, 168/4-3-2 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 14.97 ആർ സ്ഥലത്തിൽ ഉൾപ്പെടുന്ന 8.09 ആർ സ്ഥലത്ത് കാനോപ്പി, ഓഫീസ്, ശുചിമുറി ഉൾപ്പെടെ 222.80 ച മീ വിസ്തൃതിയിൽ ഫ്യൂവൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ശ്രീ. സന്തോഷ് കുമാർ ബി, തിരുവാതിര, വെങ്ങാനൂർ പി ഓ, തിരുവനന്തപുരം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR 2019 നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേയൗട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്യൂപെൻസി നൽകുവാൻ പാടുള്ളൂ.
2. KPBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3. KPBR 2019 ചട്ടം 5(4) Sl. No. 12 പ്രകാരം അഗ്നിശമനാ സേനാ ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിരിക്കണം.
4. KPBR 2018 ചട്ടം 5(4) Sl. No. 10 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും എൻ.ഓ.സി ലഭ്യമാക്കിയിരിക്കണം.
5. KPBR 2019 ചട്ടം 79 (6) പ്രകാരം ഖര- ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളും, ടി നിർമ്മാണത്തിന്റെ പുനരുപയോഗം മൂലമുണ്ടാകുന്ന മലിനജലം ശുദ്ധീകരിച്ച് പൂർണ്ണമായും പുനരുപയോഗിക്കുന്നതിനാവശ്യമായ ശുചീകരണ വിതരണ സംവിധാനവും നൽകിയിരിക്കണം.

I/85945/2023

6. ടി നിർമ്മാണം മൂലം സമീപവാസികളുടെ സ്വൈര ജീവിതത്തിനും സുരക്ഷയ്ക്കും യാതൊരു വിധമായ ഭീഷണിയോ, ടി സ്ഥാപനത്തിന്റെ നിർമ്മാണം, ഉപയോഗം എന്നിവ മൂലം പാരിസ്ഥിതിക പ്രശ്നങ്ങളോ ശബ്ദ, വായു, ജല മലിനീകരണ പ്രശ്നങ്ങളോ മറ്റ് അനുബന്ധ പ്രത്യാഘാതങ്ങളോ, ഗതാഗത കുരുക്ക് മുതലായവ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

7. ചട്ടം 34(3)(2)(3) പ്രകാരം സന്ദർശകർക്കുള്ള ശുചിമുറി സൗകര്യം നൽകിയിരിക്കണം

8. ചട്ടം 5(4) Sl. No. 6 പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കിയിരിക്കണം

9. പെട്രോൾ ടാങ്കിന്റെയും വെൻറ്റ് പൈപ്പിന്റെയും സ്ഥാനവും നിർമ്മാണവും നിലവിലുള്ള പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം

10. പെട്രോൾ പമ്പിൻറെ സ്ഥാനം MORTH Guidelines പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

11. കട്ടിംഗ് ആൻഡ് ഫില്ലിംഗ് ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും NOC വാങ്ങിയിരിക്കണം.

12. KPBR 2019 ചട്ടം 79(A ) പ്രകാരം കെട്ടിട നിർമ്മാണ സമയത്തോ, നിലവിലുള്ള നിർമ്മാണം പൊളിച്ച് മാറ്റേണ്ടി വരുമ്പോഴോ ഉണ്ടാകുന്ന മാലിന്യങ്ങൾ (waste) 2016 ലെ construction and demolition of waste management rule പ്രകാരം സുരക്ഷിതമായി ഡിസ്പോസ് ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

13. സൈറ്റ് പ്ലാനിൽ രേഖപ്പെടുത്താത്ത നിർമ്മാണങ്ങൾ പൊളിച്ച് നീക്കം ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

14. സെയിൽസ് ഓഫീസിന്റെ പടിഞ്ഞാറു വശത്ത് വിഭാവനം ചെയ്തിരിക്കുന്ന റാമ്പ് ചട്ടം 26 (10) പ്രകാരം അതിർത്തിയിൽ നിന്നും കുറഞ്ഞത് 60 സെ മി അകലം പാലിച്ച് നിർമ്മിക്കേണ്ടതാണ്.

15. നിർദിഷ്ട നിർമ്മാണം KPBR 2019 - നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം .

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>5/2023 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

Signed by
TOWN PLANNER
Shary M V
Date: 13-02-2023 12:58:46

I/85945/2023

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

ശ്രീ. സന്തോഷ് കുമാർ ബി, തിരുവാതിര,
വെങ്ങാനൂർ പി ഓ, തിരുവനന്തപുരം

പകർപ്പ്: സെക്രട്ടറി, വെട്ടിക്കവല ഗ്രാമ പഞ്ചായത്ത്